## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *78 — 30.10.2019 ൽ മറുപടിയ്ക്ക്

# നൈപുണ്യശേഷി പരിശീലന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.വി. അബ്ദുറഹിമാൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സാങ്കേതികശാസ്ത്ര വികസനത്തിന്റെ ഫലമായി തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നൈപുണ്യശേഷി പകർന്നു നൽകുന്നതിന് പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | **(എ)** വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കി വരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്ക വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്.<br><br>നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)<br>3. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ<br>4. കൗശൽ കേന്ദ്രകൾ<br>5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>6. സ്റ്റേറ്റ് ജോബ് പോർട്ടൽ<br>7. സ്കിൽ രജിസ്ട്രി<br>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി |

| | |
|---|---|
| | സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br><br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ<br>കൂടാതെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) -ന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട്, തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ കോഴ്സുകൾ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ നടപ്പിലാക്കുന്നുണ്ട്. |
| **(ബി)** കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ നൈപുണ്യ വികസന മിഷനായി പരിവർത്തന പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതുവഴി ലക്ഷ്യമിടുന്ന നേട്ടം അറിയിക്കാമോ; | **(ബി)** ഉണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളും ഏജൻസികളും നടത്തിവരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും, ഊർജിതപ്പെടുത്തുന്നതിന്റെയും ഭാഗമായി KASE നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളെയും ഏകോപിപ്പിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പുവരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായി ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനാണ് KASE നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുള്ളത്.<br><br>കേരളത്തിലെ യുവാക്കളുടെ തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിനും, ഇന്ത്യയിലും വിദേശത്തും തൊഴിൽ ലഭിക്കാൻ പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

| | |
|---|---|
| **(സി)** വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജ്ജിച്ചവർക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാനും സ്വയംതൊഴിൽ സാധ്യത അറിയുന്നതിനും സഹായകരമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | **(സി)** ദൈനം ദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിൽ എന്നിങ്ങനെ വിവിധങ്ങളായ ദൈനം ദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽ തുമ്പിൽ ലഭ്യമാകും. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജിച്ചവർക്കു തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാനുള്ള അവസരം സ്കിൽ രജിസ്ട്രിയിലൂടെ ലഭിക്കുന്നുണ്ട്. പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിൽ ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>ഇതുകൂടാതെ, വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജ്ജിച്ചവർക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും സ്വയം തൊഴിൽ സാധ്യത അറിയുന്നതിനും സഹായകമായ സംവിധാനം എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരള) നടപ്പാക്കി വരുന്ന പദ്ധതിയായ 'എംപ്ലോയബിലിറ്റി സെന്ററുകൾ' |

മുഖേന ജോബ് ഡ്രൈവുകളും നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും നടത്തി വരുന്നുണ്ട്. സ്വയംതൊഴിൽ മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ അറിവ് നൽകി അനുയോജ്യമായ സ്വയംതൊഴിൽ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനും, ആയതിനുള്ള വായ്പ അനുവദിക്കുന്ന ബാങ്കിങ് മേഖലകളെക്കുറിച്ചും, വിപണിയെക്കുറിച്ചും അവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ഒരു എംപ്ലോയ്മെന്റ് ഓഫീസറുടെ (സെൽഫ് എംപ്ലോയ്മെന്റ്) നേതൃത്വത്തിൽ സ്വയം തൊഴിൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ ഐ.ടി.ഐ.കളിലെ സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെ സ്വയം തൊഴിൽ സാദ്ധ്യതകൾ അറിയുന്നതിന് സഹായകരമായ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ